# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6717 — 04.04.2018-ൽ മറുപടിക്ക്

**<u>അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>**

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അംഗീകാരമില്ലാതെ സംസ്ഥാനത്ത് ഇപ്പോഴും തുടർന്ന് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കാലാകാലങ്ങളിൽ വിദ്യാഭ്യാസ നിയമത്തിനനുസൃതമായി സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡമനുസരിച്ച് അംഗീകാരം ലഭ്യമാകാത്ത അൺ എയ്ഡഡ് സ്ഥാപനങ്ങളാണ് (സംസ്ഥാന പാഠ്യപദ്ധതി/ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ മുതലായവ) പ്രവർത്തിച്ചു വരുന്നത്. |
| (ബി) ഈ സ്ഥാപനങ്ങൾക്ക് എപ്പോൾ സ്റ്റോപ്പ് മെമ്മോ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) കേന്ദ്ര സർക്കാരിന്റെ 2009 – ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16.03.2016- ലെ CRMP No. 4426/05/LA1/15/KeSCPCR ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018 – 19 അധ്യയന വർഷം മുതൽ അടച്ചു പൂട്ടുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും തുടർ നടപടി സ്വീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന 1585 സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് വിദ്യാഭ്യാസ അധികാരികൾ നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ